5

# അന്യദേവനെ നമസ്ക്കരിക്കൽ

ആരാധനയിൽ മനുഷ്യകണ്ടുപിടിത്തങ്ങൾ എന്തുകൊണ്ട് ദൈവം സ്വീക രിക്കുന്നില്ല എന്നും ആരാധനയിൽ അവൻ എന്ത് ആഗ്രഹിക്കുന്നില്ല എന്നും തിരിച്ചറിയുവാൻ സഹായിക്കുന്നതാണ് വിഗ്രഹാരാധനയെ കുറിച്ചുള്ള ചർച്ച കൾ. സത്യാരാധനയിൽനിന്നു വിട്ടുപോകുന്നതും വിഗ്രഹാരാധനയിൽ ഉൾപ്പെ ടുത്തിയിരിക്കുന്നതും എന്താണ്?

> സത്യമായ മതത്തിൽനിന്നു വിട്ടുപോകുന്ന രണ്ട് രീതികൾ പുരാതനമായ വിഗ്രഹാരാധനയിലുണ്ടായിരുന്നു: വ്യാജദേവന്മാരെ നമസ്ക്കരിക്കുന്നത് അത് പ്രതിമയുടെ രൂപത്തിലായാലും അല്ലെങ്കിലും; പിന്നെ പ്രതിമയുടെ രൂപത്തിൽ യഹോവയെ ആരാധിച്ചിരുന്നതും.[1]

വിഗ്രഹാരാധനയും ആരാധനയാണ്. എല്ലാ ആരാധനയും ദൈവം സ്വീക രിക്കുമെങ്കിൽ, വിഗ്രഹാരാധനയിൽ തെറ്റൊന്നുമില്ല. വ്യാജദേവന്മാരായതു കൊണ്ട്, തീർച്ചയായും വിഗ്രഹങ്ങളെ തള്ളിക്കളയണം; വിഗ്രഹാരാധന പ രിശീലിച്ച് സത്യദൈവത്തെ ആരാധിക്കുന്നത് അവൻ സ്വീകരിക്കുമോ? ദൈവം ആരാധന മാത്രമാണ് സ്വീകരിക്കുന്നതെങ്കിൽ, ഭൗതികമായ ദൈവത്തെ പ്ര തിനിധീകരിക്കൽ തെറ്റാകുമോ? ആരാധനയിൽ പ്രതിമകൾ എന്തുകൊണ്ട് പാ ടില്ല എന്നു ദൈവം വിശദമാക്കുന്നു:

> നന്നായി സൂക്ഷിച്ചുകൊൾവിൻ, യഹോവ ഹോരേബിൽ തീയു ടെ നടുവിൽ നിന്നു നിങ്ങളോട് അരുളിച്ചെയ്ത നാളിൽ നിങ്ങൾ രൂപം ഒന്നും കണ്ടില്ലല്ലോ. അതുകൊണ്ട് നിങ്ങൾ യാതൊന്നിന്റേയും സാദൃശ്യം ഉണ്ടാക്കുകയും നമസ്ക്കരിക്കുകയും ചെയ്യുന്നത് ശരിയല്ല ... (ആവർത്ത നപുസ്തകം 4:15–18).

അവൻ ഭൗതികൻ അല്ലാത്തതിനാൽ ദൈവത്തെ ആരാധിക്കുന്നതിനു ഒരു പ്ര തിമയും ഉപയോഗിക്കരുത്. ആരാധനയിൽ ദൈവത്തെ പ്രതിനിധീകരിക്കുന്ന വിഗ്രഹങ്ങൾ ഉപയോഗിച്ചാൽ ദൈവം അത് തള്ളിക്കളയും. അവൻ ആത്മാ വാകയാൽ (യോഹന്നാൻ 4:23, 24) അവനെ ഭൗതികമായ വാക്കുകളാൽ ചിന്തിക്കാവുന്നതല്ല.

### അബ്രഹാമും അവന്റെ കാലവും

ആരംഭഘട്ടത്തിലെ വിഗ്രഹാരാധനയെ കുറിച്ച് യോശുവ പറഞ്ഞിരി ക്കുന്നു: "... 'നിങ്ങളുടെ പിതാവായ അബ്രഹാമിന്റേയും നാഹോരിന്റേയും പി താവായ തേറഹ് പണ്ട് നദിക്കക്കരെ പാർത്തു അന്യദൈവങ്ങളെ സേവിച്ചു പോ ന്നു'" (യോശുവ 24:2). ആ ദേവന്മാരുടെ സ്വഭാവത്തെ കുറിച്ച് ബൈബിൾ പ റയുന്നില്ല, പക്ഷെ മെസോപോത്തോമിയയിലെ സുമേറിയൻ ആളുകളുടെ പു രാതന ചരിത്രം നമുക്ക് ഉൾക്കാഴ്ച്ച നൽകുന്നു, അവിടെയായിരുന്നു അബ്ര

ഹാമും നോഹോരും താമസിച്ചിരുന്നത്.[2]

അബ്രഹാം വന്നത് വിഗ്രഹാഹാധികളുള്ള ബന്ധുക്കളുടെ പശ്ചാത്തലത്തിൽനിന്നാണ്. അവൻ ഊർ വിട്ടുപോകുന്നതിനു മുൻപ് ഒരുപക്ഷെ വിഗ്രഹാരാധന നടത്തിയിരിക്കയില്ല; അവൻ അങ്ങനെ ചെയ്തിരുന്നുവെങ്കിൽ യഹോവയെ ആരാധിക്കുവാൻ തുടങ്ങുന്നതിനു മുൻപ് അവൻ അത് വിട്ടുകളഞ്ഞിരിക്കാം.

### യാക്കൊബും റാഹേലും

റാഹേൽ അവളുടെ അപ്പന്റെ വീട്ടിലെ ദേവന്മാരെ എടുത്തുകൊണ്ടുപോയി എന്നു പറഞ്ഞത്, തെരാഫിം ആണെന്നും (ഉൽപത്തി 31:19, 30–35), അതു സൂചിപ്പിക്കുന്നത് അവളും, യാക്കൊബ് പോലും വിഗ്രഹങ്ങളെ ആരാധിച്ചിരുന്നിരിക്കാം എന്നാണെന്ന് ചിലർ കരുതുന്നു. അത് ശരിയായിരിക്കയില്ല.

> റാഹേലിന്ന് അപ്പോഴും അവളുടെ യുവത്വത്തിലെ മതത്തോട് അടുപ്പമുണ്ടായിരുന്നു, കുടുംബദേവന്മാർ നിയമപരമായ അവകാശമായിരുന്നേക്കാം അല്ലെങ്കിൽ, അവൾക്ക് അത് പണസംബന്ധമായ വിലയുണ്ടായിരുന്നതാകാം. അല്ലാതെ വെറും മതപരമായ വസ്തുവായിരുന്നില്ല. നൂസി വസ്തുക്കൾ സൂചിപ്പിക്കുന്നത്, കുടംബസ്വത്തിലെ അവകാശമായിരുന്നു എന്നാണ് ... യാക്കൊബ് അവരോടുകൂടെ തൽക്കാലം താമസിച്ചിരുന്നപ്പോൾ, ലാബാന് പുത്രന്മാരുണ്ടായിരുന്നുവെങ്കിൽ, തെരാഫിം അവരുടേതായി തീരുമായിരുന്നു. റാഹേൽ തന്റെ ഭർത്താവിന്റേ നേട്ടത്തിനായിട്ടായിരിക്കാം ഗൃഹവിഗ്രഹം കൊണ്ടുപോയത്.[3]

മതപരമായ പ്രവൃത്തിയേക്കാൾ ഗൃഹവിഗ്രഹം നിയമപരമായ അവകാശമായിരിക്കാം. റാഹേൽ ലാബാന്റെ ഗൃഹവിഗ്രഹം മോഷ്ടിച്ചത് അവൾ വിഗ്രഹാരാധകയായിരുന്നു എന്നു വെളിപ്പെടുത്തുന്നില്ല.

യാക്കൊബ് കല്ലുകൾ നിർത്തിയത് (ഉൽപത്തി 28:18, 22; 31:13; 35:14) അവൻ വിഗ്രഹത്തെ ആരാധിച്ചു എന്നു സൂചിപ്പിക്കുന്നതല്ല. ആ കല്ലുകൾ ജ്ഞാപങ്ങളായിരുന്നു (ഉൽപത്തി 35:20; 2 ശമുവേൽ 18:18) അല്ലെങ്കിൽ ചില സ്ഥലങ്ങളിൽ നടന്ന സംഭവങ്ങളെ അടയാളമായി ഓർക്കേണ്ടതിനായിരുന്നു അവ (ഉൽപത്തി 31:44–52; പുറപ്പാട് 24:4).

യാക്കൊബിനോടുകൂടെ ഉണ്ടായിരുന്ന ചില ആളുകളുടെ കയ്യിൽ വിഗ്രഹങ്ങളുണ്ടായിരുന്നു. അവയെ നീക്കിക്കളയുവാനും മറെച്ചുകളവാനും അവൻ അവരോട് പറഞ്ഞിരുന്നു (ഉൽപത്തി 35:2–4). അവൻ വിഗ്രഹങ്ങളെ അംഗീകരിക്കയോ, സേവിക്കയോ ചെയ്തിരുന്നില്ല എന്നു സൂചിപ്പിക്കുന്നതായിരുന്നു അവന്റെ പ്രവൃത്തികൾ.

### മിസ്രയിമിലായിരുന്ന യിസ്രയേൽ

430 വർഷം മിസ്രയിമിലായിരുന്ന യിസ്രായേൽജനം വിഗ്രഹങ്ങളെ ആരാധിച്ചിരുന്നു. യോശുവ 24:14 ഉം യെഹസ്ക്കേൽ 20:5–8 ഉം സൂചിപ്പിക്കുന്നത് അതാണ്.

മിസ്രയിം ജനം എല്ലാറ്റിലും ദൈവം ഉണ്ടെന്ന് വിശ്വസിക്കുന്നവരും, വ്യക്തിപരവും പ്രാദേശികവും, ദേശിയവുമായ ദേവന്മാരുള്ളവരുമായിരുന്നു

പുരാതന ചിത്രങ്ങളും, പ്രതിമകളും അവതരിപ്പിക്കുന്നത് അവർക്ക് മനുഷ്യരുടേയും മൃഗങ്ങളുടേയും രൂപത്തിലുള്ള ദേവന്മാരുണ്ടായിരുന്നു എന്നാണ്. സൂര്യനേയും, ചന്ദ്രനേയും, നക്ഷത്രങ്ങളേയും, നൈൽ നദിയേയും അവർ ദേവന്മാരായി കണക്കാക്കിയിരുന്നു. ബാഹ്യമായി സ്വാധീനം ചെലുത്തുവാൻ കഴിവുള്ള എന്തിനേയും അവർ ദേവന്മാരായി കരുതിയിരുന്നു: ഫലപുഷ്ടി, മഴ, കാറ്റ്, തീ, ബാധ, തേൾ, മൂർഖൻപാമ്പ്, മുതല തുടങ്ങിയവ പോലും അവരുടെ ദേവന്മാരായിരുന്നു. മിസ്രയിമ്യരുടെ ദേവന്മാരേക്കാൾ ശക്തി ദൈവത്തിനുണ്ടെന്ന് ദൈവം അയച്ച ബാധകൾ അവരെ ബോധ്യമാക്കി (പുറപ്പാട് 12:12).

യിസ്രായേലിന് ആരാധിക്കുവാൻ കാളക്കുട്ടിയെ അഹരോൻ വാർത്തുണ്ടാക്കിയത് മിസ്രയിമ്യരെ പകർത്തുകയായിരുന്നു എന്ന് ചിലർ വിശ്വസിക്കുന്നു (പുറപ്പാട് 32:1–5). കൂടാതെ, യൊരേബെയാം മിസ്രയിമിൽ താമസിച്ചിരുന്നതും സ്വാധീനിച്ചിരുന്നേക്കാം (1 രാജാക്കന്മാർ 11:40) യിസ്രായേലിലെ രണ്ട് വടക്കൻഗോത്രങ്ങൾക്ക് രണ്ട് കാളക്കുട്ടികളെ ഉണ്ടാക്കിയിരുന്നു (1 രാജാക്കന്മാർ 12:26–33). ആ അനുമാനങ്ങളെ ഉറപ്പിക്കുവാൻ തെളിവൊന്നുമില്ല.

## യിസ്രായേലിന്റെ അയൽരാജ്യങ്ങളിലെ വിഗ്രഹാരാധന

**കനാന്യർ**

മിസ്രയിം വിട്ടശേഷം നാൽപതുവർഷത്തെ മരുഭൂയാത്ര കഴിഞ്ഞ് യിസ്രായേൽ വിഗ്രഹങ്ങൾ നിറഞ്ഞ കനാനിൽ പ്രവേശിച്ചു. തന്റെ ജനം സ്വാധീനിക്കപ്പെട്ട് വിഗ്രഹങ്ങളെ ആരാധിക്കുമെന്ന് മനസിലാക്കി ദൈവം അവരെ മുന്നറിയിച്ചിരുന്നു:

> അവരുടെ ദേവന്മാരെ നമസ്ക്കരിക്കരുത്, അവയെ സേവിക്കരുത്, അവരുടെ പ്രവർത്തികൾ പോലെ പ്രവർത്തിക്കരുത്. അവരെ നിശേഷം നശിപ്പിച്ച് അവരുടെ വിഗ്രഹങ്ങളെ തകർത്തുകളയേണം. നിങ്ങളുടെ ദൈവമായ യഹോവയെ തന്നെ സേവിപ്പിൻ. എന്നാൽ അവൻ നിന്റെ അപ്പത്തേയും വെള്ളത്തെയും അനുഗ്രഹിക്കും. ഞാൻ രോഗങ്ങളെ നിങ്ങളുടെ നടുവിൽനിന്നു നീക്കി കളയും (പുറപ്പാട് 23:24, 25).
>
> നീ അവരുടെ ദേവന്മാരെ സേവിച്ചാൽ അത് നിനക്ക് കണിയായി തീരും (പുറപ്പാട് 23:33).

യിസ്രായേലിന് മറ്റു ദേവന്മാരുണ്ടാകുന്നത് (പുറപ്പാട് 20:3; ആവർത്തനപുസ്തകം 5:7) ഉടമ്പടിയുടേയും പത്തു കൽപനകളുടേയും ലംഘനമാണ് (ആവർത്തനപുസ്തകം 4:13). അവർക്കു ചുറ്റുമുള്ള വിഗ്രഹാരാധകരായ ദേശക്കാരെ യിസ്രായേൽ പകർത്തരുതായിരുന്നു (ആവർത്തനപുസ്തകം 20:17, 18).

കനാൻ ദേശത്ത് പ്രവേശിച്ച ശേഷം യിസ്രായേൽ യോശുവയുടേയും അവനെ ശുശ്രൂഷിച്ച മൂപ്പന്മാരുടേയും നേതൃത്വത്തിൽ നന്നായി ജീവിച്ചു (ന്യായാധിപന്മാർ 2:7). ആളുകൾ പിന്നീട് വിഗ്രഹങ്ങളെ സേവിച്ചിരിക്കാം (ന്യായാധിപന്മാർ 24:20, 23), എന്നാൽ യോശുവക്ക് ശേഷമുള്ള തലമുറ അത്യധികം അന്യദേവന്മാരെ സേവിച്ചുവന്നു (ന്യായാധിപന്മാർ 2:10–13). യിസ്രാ

യേലിനെ നീതിമാനായ ഒരു ന്യായാധിപൻ നയിക്കാതിരുന്ന കാലത്ത് അത് വാസ്തവമായിരുന്നു (ന്യായാധിപന്മാർ 2:16-19; 10:5, 6).

കനാന്യ ദേശക്കാർ ബഹുദൈവങ്ങളെ സ്വീകരിച്ചിരുന്നതിനാൽ, ദേശിയ ദേവന്മാരെയും, തരംതാഴ്ന്ന ദേവന്മാരെയും ആരാധിച്ചിരുന്നു. ആ ദേശക്കാർ പൊതുവിൽ അവരെ പരാജയപ്പെടുത്തിയവരുടെ ദേവന്മാരെയും ആരാധിച്ചിരുന്നു. അവരുടെ ദേവന്മാരെ ഉപേക്ഷിക്കാതെ തന്നെ, അവർ അവരെ കീഴ്പ്പെടുത്തിയവരുടെ ദേവന്മാരെയും സ്വീകരിച്ചിരുന്നു. തങ്ങളുടെ ദേവന്മാരെക്കാളും തങ്ങളെ കീഴ്പ്പെടുത്തിയവരുടെ ദേവന്മാർക്ക് ശക്തിയുണ്ട് അല്ലെങ്കിൽ അവർക്ക് തങ്ങളെ തോൽപിക്കുവാൻ കഴിയുകയില്ല എന്ന വിശ്വാസമായിരുന്നു അവരുടേത്.

യിസ്രായേൽ കനാൻ ദേശത്ത് എത്തിയപ്പോൾ, കനാന്യരുടെ ദേവന്മാർ അവർക്ക് ഒരു കണിയായി തീർന്നു. കനാനിലുള്ള എല്ലാ ആളുകളെയും കൊല്ലുവാനും അവരുടെ വിഗ്രഹങ്ങളെ എല്ലാം നശിപ്പിക്കുവാനും, അവിടെയുള്ളവരുമായി ഇടകലർന്ന് വിവാഹം കഴിക്കരുതെന്നും യിസ്രായേലിനോട് ദൈവം കൽപിച്ചിരുന്നു (ആവർത്തനപുസ്തകം 7:1-5). രണ്ട് കാരണങ്ങൾ കൊണ്ടായിരിക്കാം അത്: (1) അവരുമായി ബന്ധപ്പെട്ടാൽ യിസ്രായേൽ വിഗ്രഹാരാധകരായി തീരും (ആവർത്തനപുസ്തകം 7:3, 4), പിന്നെ (2) മിസ്രയിമ്യർക്ക് ഉണ്ടായതുപോലെ അവരും രോഗബാധിതരാകും (ആവർത്തനപുസ്തകം 7:15), കനാന്യരുടെ വിഷയാസക്തിമൂലമുള്ള രോഗം പകരാനും സാധ്യതയുണ്ട്.

**അശൂര്യർ**

അശൂര്യർ യിസ്രായേലിന് ഭീഷണിയായി, പ്രത്യേകിച്ച് വടക്കൻ ഗോത്രങ്ങൾക്ക്, അവരെ പിന്നീട് കീഴ്പ്പെടുത്തുകയും അശൂര്യ മുഴുവൻ ചിതറിക്കുകയും ചെയ്തു. ബി. സി. 730-ൽ തിഗ്ലത്ത്പിലേസർ III ഗലീലി ആക്രമിക്കയും യിസ്രായേലിന്റെ വടക്കെ രാജ്യത്തെയും, തെക്കെ രാജ്യമായ, യെഹൂദയെയും കപ്പം കൊടുപ്പാൻ പിടിച്ചടക്കി. ഒരു ദശാബ്ദത്തിനു ശേഷം സർഗോൺ III യിസ്രായേലിന്റെ തലസ്ഥാനമായ ശമര്യ പിടിച്ചടക്കി വളരെ സമ്പൽസമൃദ്ധിയും, കഴിവുള്ള ജനത്തെയും കൊണ്ടുപോയി പകരം വിദേശികളെ കൊണ്ടുവന്നു പാർപ്പിച്ചു.

ബാബിലോണിന്റെ മതത്തെ പോലെ അശുര്യരും എല്ലാറ്റിലും ദൈവമുണ്ടെന്ന് വിശ്വസിച്ചിരുന്നു. പ്രകൃതിയുടെ എല്ലാ വശങ്ങളേയും നിയന്ത്രിച്ചിരുന്നു എന്നു കരുതുന്ന അനവധി ദേവന്മാർക്ക് പുറമെ അവരുടെ മുഖ്യ ദേശിയ ദേവനായ അശുരും ഉണ്ടായിരുന്നു. മുക്കുവരെയും, പഴവർഗങ്ങൾ-ഉണ്ടാക്കുന്നവരേയും, കാലിവളർത്തുകാരേയും മറ്റു കൃഷിക്കാരേയും സഹായിക്കുന്നത് അവരുടെ ദേവന്മാരായിരുന്നു എന്നാണ് അവർ കരുതിയിരുന്നത്. മന്ത്രവാദികളും ശകുനവാദികളും, ക്ഷേത്രങ്ങളിലെ ചടങ്ങുകളായ യാഗങ്ങൾ, പാട്ട്, പ്രാർത്ഥന, വിലാപങ്ങൾ എന്നിവ നടത്തിയിരുന്നു. ധാരാളം സ്ത്രീകൾ സ്വപ്ന വ്യാഖ്യാതാക്കളായും, സമ്പുഷ്ടത ആഘോഷിക്കുന്നവരായും, വിലപിക്കുന്നവരായും സേവനം അനുഷ്ഠിച്ചിട്ടുണ്ട്.

**ബാബേൽക്കാർ**

ബി. സി. 597-ൽ യിസ്രായേൽ ബാബേലിന്റെ നിയന്ത്രണത്തിലായി.

ബാബേൽ നിരവധി യഹൂദന്മാരെ അവിടേക്ക് കൊണ്ടുപോയി പ്രവാസികളാക്കുകയും, അവർ വിഗ്രഹാരാധനയിൽനിന്നു പിന്തിരിയുകയും ചെയ്തിരുന്നു.

സുമേറിയക്കാരിൽനിന്നു സ്വീകരിച്ചതായിരുന്നു ബാബേലിന്റെയും അശൂരിന്റെയും എല്ലാറ്റിലും ദൈവം ഉണ്ട് എന്ന മതം. ബാബേലിന്റെ ദേശിയ ദേവൻ മേരോമാക്ക് ആയിരുന്നു (യിരെമ്യാവ് 50:2), അത് അശൂര്യ ദേവനായ അശുരിനു തുല്യമായിരുന്നു. തങ്ങളുടെ ജീവിതത്തെ നിയന്ത്രിക്കുന്നു എന്ന് കരുതിയ അനവധി ദേവന്മാർ ആ ദേശക്കാർക്ക് ഉണ്ടായിരുന്നു. അവരുടെ പുരോഹിതന്മാർക്ക് അവയുടെമേൽ നിയന്ത്രണമുണ്ടെന്ന ചിന്തയാൽ, അവർ ഭൂതങ്ങളിലും വിശ്വസിച്ചിരുന്നു. അവരുടെ ദേവന്മാരുടെ കോപം ശമിപ്പിക്കുവാൻ സംഗീതവും വിലാപവും നടത്തുവാൻ ചില പുരോഹിതന്മാരെ പ്രത്യേകമായി ചുമതലപ്പെടുത്തിയിരുന്നു. മൃഗങ്ങളെ കൊന്ന് രക്തം ഒഴിച്ച് ബലിയർപ്പിച്ചിരുന്നു, എങ്ങനെയായാലും, ആ യാഗങ്ങൾ ദഹിപ്പിക്കപ്പെട്ടതായി സൂചന ഒന്നുമില്ല അവരുടെ ഉൽസവങ്ങളിൽ മുഖ്യമായത് പുതുവർഷാഘോഷമായിരുന്നു. വിവിധ രീതികളിൽ സ്ത്രീ പുരോഹിതമാരും സേവനം അനുഷ്ഠിച്ചിരുന്നു. വിവിധ സ്ഥലങ്ങൾ ആരാധനക്കായി ഉപയോഗിച്ചിരുന്നു എങ്കിലും മുഖ്യമായി അതിന് ഉപയോഗിച്ചിരുന്നത് ക്ഷേത്രങ്ങൾ ആയിരുന്നു.

### സംക്ഷിപ്തം

അബ്രഹാമും അവന്റെ പിൻഗാമികളും എവിടെയെല്ലാം താമസിച്ചുവോ അവിടെയെല്ലാം ചുറ്റും വിഗ്രഹാരാധന നടന്നിരുന്നു. കനാൻ ദേശം വിഗ്രഹാരാധകരെ കൊണ്ട് നിറഞ്ഞിരുന്നു. ഏക സത്യ ദൈവത്തിൽ നിലനിൽക്കുക എന്നതായിരുന്നു യിസ്രായേലിന്റെ ഏറ്റവും വലിയ വെല്ലുവിളികളിൽ ഒന്ന്. അവർക്ക് ചുറ്റുമുള്ള ദേശങ്ങളെ പോലെ, യിസ്രായേൽ ചിലപ്പോൾ, അവരുടെ ദേശിയ ദൈവമായ – യഹോവയെ ആരാധിക്കുന്നതിനോപ്പം മറ്റു ദേവന്മാരെയും ആരാധിച്ചിരുന്നു. തണുപ്പുള്ള രാത്രിയിൽ ഒരു മനുഷ്യൻ കമ്പിളി പുതക്കുന്നതുപോലെ, യിസ്രായേൽ മറ്റു ദേവന്മാരെ കൂട്ടിച്ചേർത്തു. ഒരാൾ കൂടുതൽ ദേവന്മാരെ ആരാധിക്കുമ്പോൾ, കൂടുതൽ സഹായം ലഭിക്കും എന്ന ചിന്തയാലായിരുന്നു അവർ അന്യ ദേവന്മാരെ എടുത്തത്.

അവരുടെ പ്രവാസത്തിനു മുൻപ്, യഹൂദന്മാർ ഇടക്കിടക്ക് അവർക്ക് ചുറ്റുമുള്ള ദേശക്കാരുടെ ദേവന്മാരെ ആരാധിച്ചിരുന്നു. ബാബേൽ പ്രവാസശേഷം ജീവിച്ചിരുന്നവർ തങ്ങളുടെ സ്വദേശത്തേക്ക് മടങ്ങിവന്ന് ക്രിസ്തുവിന്റെ കാലം വരെ, യെഹൂദ്യയിൽ താമസിക്കുകയും വിഗ്രഹാരാധന ഉപേക്ഷിക്കുകയും ചെയ്തു.

---

കുറിപ്പുകൾ

[1]സ്റ്റീവൻ ബറബ്ബാസ്, "ഐഡോലേറ്ററി," *ഇൻ ദ ന്യു ഇന്റർനാഷ്ണൽ ഡിക്ഷ്ണറി ഓഫ് ദ ബൈബിൾ*, എഡി., ജെ. ഡി. ഡഗ്ലസ് ആന്റ് മെറിൽ സി. ടെനി (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: റീജെൻസി റെഫറൻസ് ലൈബ്രറി, സോണ്ടർവാൻ പബ്ലിഷിങ്ങ് ഹൗസ്, 1987), 3:459. [2]മറ്റു ദേവന്മാരാൽ സഹായിക്കപ്പെടുന്ന പട്ടണ ദേവൻ ഓരോ പട്ടണത്തിലുമുണ്ടെന്ന ആശയത്താൽ എല്ലാറ്റിലും ദൈവം ഉണ്ട് എന്ന തത്വത്തിന്റെ അടിസ്ഥാനത്തിലുള്ളതായിരുന്നു സുമേറിയക്കാരുടെ മതം. പൗരന്മാർക്ക് അവരുടേതായ വ്യക്തിപരമായ ദേവന്മാരുണ്ടായിരുന്നു. അവരുടെ ദേവന്മാരെ ക്ഷേത്രങ്ങ

ളിൽ പ്രതിഷ്ഠിച്ച് വിലയേറിയ വസ്ത്രം അണിയിച്ച് യാഗങ്ങളും ഭക്ഷണങ്ങളും അർപ്പിച്ച്, സമ്പുഷ്ടതയുടെ ആചാരമായി ക്ഷേത്ര അഭിസാരികമാരുടെ പാട്ടും ലൈംഗികവൃത്തികളും പ്രകടിപ്പിച്ചിരുന്നു. യെഹസ്‌ക്കേൽ 8:14-ൽ പറഞ്ഞ തമുസ് ദേവത കാർഷിക ദേവതയായിരുന്നു. വേനൽക്കാലത്ത് കൃഷി എല്ലാം ഉണങ്ങി പോകുന്നതിനാൽ ദേവൻ മരിക്കുകയോ ആരെങ്കിലും അവനെ പിടിച്ചുകൊണ്ടുപോകയോ ചെയ്യും, പിന്നെ മഴക്കാലത്ത് മടങ്ങി വരുമ്പോൾ കൃഷി എല്ലാം ഇറക്കാം എന്നാണ് അവർ വിശ്വസിക്കുന്നത്. അവൻ അധോലോകത്തിലേക്ക് പോകുന്നതിനാൽ സ്ത്രീകൾ ആ സമയത്ത് നിലവിളിച്ചിരുന്നു. ചിലർ കരുതുന്നത് അവൻ മടങ്ങി വന്നിട്ടില്ല എന്നാണ്, വേറെ ചിലർ കരുതുന്നത് ഓരോ മഴക്കാലത്തും ആ ദേവൻ മടങ്ങി വരുന്നതുകൊണ്ടാണ് കൃഷി ചെയ്യുവാൻ സാധിക്കുന്നത് എന്നാണ് (ഫ്രാൻസിസ് ആർ. സ്റ്റീലലേ, "സമർ," ആന്റ് പി. ഡബ്ല്യിയു. ഗേബെലെയിൻ, ജൂനിയർ., "തമൂസ്," ഇൻ *ദ ഇന്റർനാഷ്ണൽ സ്റ്റാൻഡേർഡ് ബൈബിൾ എൻസൈക്ലോപീഡിയ*, റെവ., എഡി. ജെഫ്രി ഡബ്ല്യിയു. ബ്രോമിലെ [ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ല്യിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ്ങ് കമ്പനി., 1988 ], 4:660, 726). [3]പോൾ ലെസ്ലി ഗാർബർ, "ഐഡോലേറ്ററി," *ഇൻ ദ ഇന്റർനാഷ്ണൽ സ്റ്റാൻഡേർഡ് ബൈബിൾ എൻസൈക്ലോപീഡിയ*, റെവ., എഡി. ജെഫ്രി ഡബ്ല്യിയു. ബ്രോമിലേ (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ല്യിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ്ങ് കമ്പനി., 1982), 2:797.